ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ എച്ച്.സി., പി.സി. എന്നിവർക്ക് എട്ടുമണിക്കൂർ ജോലി സമ്പ്രാദയം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ വിലയിരുത്തിയതിനുശേഷവും പോലീസിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനു അനുസൃതമായും ടി സമ്പ്രദായം കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പോലീസ് സ്റ്റേഷനിൽ ജീപ്പില്ല എന്ന പരാതി

55 (58) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനിൽ വർഷങ്ങളായി സ്വന്തമായി ജീപ്പില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേഷനിൽ സ്വന്തമായി ജീപ്പ് അനുവദിക്കുന്നതിനും പട്രോൾ ഡ്യൂട്ടി നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ അനുവദിച്ചിരുന്ന ജീപ്പ് കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യമാകുകയും ആയത് കണ്ടം ചെയ്തു ലേലത്തിൽ വില്പന നടത്തിയിട്ടുള്ളതുമാണ്. തുടർന്നു പുതിയ വാഹനം വാങ്ങിയ മുറയ്ക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി ജീപ്പ് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന മുനിസിപ്പൽ മൊബൈൽ പട്രോൾ ഡ്യൂട്ടി കൃത്യമായും നടത്തിവരുന്നുണ്ട്.

ക്രിമിനൽ കേസുകൾ

56 (59) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ഒട്ടാകെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു ;

(ബി) അവയിൽ ഇതുവരെ എത്രയെണ്ണം റഫർ ചെയ്തുതള്ളി ;

LIBRARY ARCHIVES Kerala Legislative Assembly